(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.എൽ.എഫ്.ഇ.(പി.7)495/2015

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്
സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ
എറണാകുളം ജില്ലാ കാര്യാലയം
ഫോൺ : 0484 – 2422271
email : lfadekm@gmail.com

തീയതി : 22.05.2015

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പോത്താനിക്കാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോത്താനിക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2012-13 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം

3) കാര്യാലയ പകർപ്പ്

നം.എൽ.എഫ്.ഇ.(പി.7)495/2015

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്
സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ
എറണാകുളം ജില്ലാ കാര്യാലയം
ഫോൺ : 0484 – 2422271
email : lfadekm@gmail.com

തീയതി : 22.05.2015

എറണാകുളം ജില്ലയിലെ പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2012-13, 2013-14സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 22.09.2014 മുതൽ 09.03.2015 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനും മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.ജെസ്റ്റോ പോൾ, ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 10.03.2015മുതൽ 25.03.2015 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ :
1. ശ്രീമതി. എം.വി. സിനി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
2. ശ്രീ. റഷീദ്. സി.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3. ശ്രീ. എബി അബ്രഹാം, ഓഡിറ്റർ
4. ശ്രീ. ഷിബു. എ. പി., ഓഡിറ്റർ

(ബി) നിർവ്വഹണാധികാരികൾ

പ്രസിഡന്റ് : ശ്രീ. എബ്രഹാം തൊമ്മൻ 01.04.2012 മുതൽ 31.03.2014 വരെ

വൈസ് പ്രസിഡന്റ് : ശ്രീമതി. സഫിയ അനീഫ 01.04.2012 മുതൽ 28.02.2013 വരെ

: ശ്രീമതി. ഷീന തോമസ് 01.03.2013 മുതൽ 31.03.2014 വരെ

വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ	ശ്രീ.വിൽസൺ മാത്യു	01.04.2012 മുതൽ 31.03.2014 വരെ
വിദ്യാഭ്യാസ-ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ	ശ്രീ.അലിയാർ മുഹമ്മദ്	01.04.2012 മുതൽ 31.03.2014 വരെ
ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ	ശ്രീമതി.ലൂസി ജോസ് ശ്രീമതി.ശോഭന അശോകൻ	01.04.2012 മുതൽ 28.02.2013 വരെ 01.03.2013 മുതൽ 31.03.2014 വരെ
സെക്രട്ടറി	ശ്രീമതി.വി.എസ്.കലാമണി ശ്രീ.വി.എസ് രാജേഷ് ശ്രീ.പി.അശോകൻ	01.04.2012 മുതൽ 20.07.2012 വരെ 21-07-2012 മുതൽ 22-10-2013 വരെ 23-10-2013 മുതൽ 31-03-2014 വരെ
കൃഷി ഓഫീസർ	ശ്രീ.എം.എസ്. ശശിധരൻ ശ്രീമതി.ആശ.എസ് ശ്രീമതി.സൂസൻ ലി തോമസ്	01-04-2012 മുതൽ 31-08-2013 വരെ 01-09-2013 മുതൽ 16-11-2013 വരെ 17-11-2013 മുതൽ 31-03-2014 വരെ
വെറ്ററിനറി സർജൻ	ശ്രീമതി.ഷീന ജോസഫ്	01.04.2012 മുതൽ 31.03.2014 വരെ
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	ശ്രീമതി.വൽസ .പി.എം	01.04.2012 മുതൽ 31.03.2014 വരെ
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	ശ്രീ.എം.എസ്. സിദ്ധിഖ്	01.04.2012 മുതൽ 31.03.2014 വരെ
മെഡിക്കൽ ഓഫീസർ പി.എച്ച്.സി., (ആയുർവേദം)	ഡോ. മിനിമോൾ.കെ.ആർ ഡോ. പി.സംഗീത	01.04.2012 മുതൽ 30.06.2012 വരെ 01.07.2012 മുതൽ 31.03.2014 വരെ
മെഡിക്കൽ ഓഫീസർ പി.എച്ച്.സി., (ഹോമിയോ)	ഡോ.കൃഷ്ണകുമാർ .സി.കെ	01.04.2012 മുതൽ 31.03.2014 വരെ
അസിസ്റ്റന്റ് എഞ്ചിനീയർ	ശ്രീമതി.അശ്വതി രവി ശ്രീമതി.ഷൈലജ പരീത് ശ്രീ.സുലൈമാൻ.ടി.എ	01-04-2012 മുതൽ 10-05-2012 വരെ 11-05-2012 മുതൽ 05-12-2013 വരെ 06-12-2013 മുതൽ 31-03-2014 വരെ
ഹെഡ് മിസ്ട്രസ്, ജി.എൽ.പി.എസ്. പോത്താനിക്കാട്	ശ്രീമതി. പി.എം.മേരി	01.04.2012 മുതൽ 31.03.2014 വരെ
ഹെഡ് മാസ്റ്റർ, ജി.യു.പി.എസ്	ശ്രീ.ഇ.എസ്.മോഹനൻ	01.04.2012 മുതൽ 31.03.2014 വരെ

ഉള്ളടക്കം

ക്രമ നം.	**ഭാഗം 1**	ഖണ്ഡിക നമ്പർ	പേജ് നമ്പർ
1	ബജറ്റ്	1-1	5
2	വാർഷിക ധനകാര്യപത്രിക.	1-2	5
3	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.	1-3	5
4	സാമ്പത്തിക വിശകലനം	1-4	5
5	ഫണ്ട് വിനിയോഗം	1-5	6
6	പദ്ധതി അവലോകനം.	1-6	6
7	തനത് വരുമാനം.	1-7	7
8	ക്ഷേമപദ്ധതികൾ	1-8	7
9	ക്യാഷ് വെരിഫിക്കേഷൻ	1-9	8
10	ആഭ്യന്തരനിയന്ത്രണം.	1-10	8
11	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-11	8
12	സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിതരണം	1-12	8
13	ഫ്രണ്ട് ഓഫീസ് സംവിധാനം	1-13	8
14	അങ്കണവാടി പ്രവർത്തനം	1-14	9
15	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	1-15	9
16	കാർഷികമേഖലയിൽ നാമമാത്രമായ ചെലവ്	1-16	9
17	അസി.എൻജീനീയർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ	1-17	10

	ഭാഗം 2		
18	വസ്തു നികുതി നിർണ്ണയ രജിസ്റ്റർ പരിപാലനം	2.1	10
19	തൊഴിൽനികുതി - അപാകതകൾ	2.2	11
20	ഡി & ഓ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്	2.3	12
	ഭാഗം 3		
21	ലഭ്യമായ മണ്ണ് വിനിയോഗിച്ചതായി സാക്ഷ്യപ്പെടുത്തി -എന്നാൽ ഉക ഈടാക്കിയില്ല -നഷ്ടം-2397	3.1	12
22	മുൻകൂറുകൾ തട്ടിക്കിഴിക്കാൻ അവശേഷിക്കുന്നത്	3.2	13
23	ബയോഗ്യാസ് പ്ലാന്റ് കരാർ ഒപ്പിടാതെ പ്രവർത്തന ചെലവ് നൽകി	3.3	13
24	പൊതു കുടിവെള്ള കണക്ഷന് തുക ചെലവ് ചെയ്തതിലെ അപാകതകൾ	3.4	13
25	എം.ജി.എൻ.ആർ.ഇ.ജി.എസ്- വേതന വിതരണത്തിൽ കാലതാമസം	3.5	14
26	തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി വൈദ്യുതി ചാർജ്ജ് അടക്കൽ എന്നിവയിലെ അപാകതകൾ .	3.6	14
27	പത്ര പരസ്യം ആനുകൂല്യം പ്രയോജനപ്പെടുത്തുന്നില്ല .	3.7	14
	ഭാഗം 4		
28	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1	15
29	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ	4-2	16
30	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-3	16
31	വായ്പ/ വായ്പ തിരിച്ചടവ്	4-4	16
32	സ്ഥിരനിക്ഷേപങ്ങൾ	4-5	16
33	ഓഡിറ്റ് റിക്കവറി	4-6	16
34	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-7	16
35	ഓഡിറ്റ് പ്രത്യവലോകനം	4-8	17
36	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-9	18
37	ഓഡിറ്റ് സർട്ടിഫിക്കറ്റുകൾ (2012-13 & 2013-14)	അനുബന്ധം 1	20
38	ബാലൻസ് ഷീറ്റ്	അനുബന്ധം 2	
39	ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ് മെന്റ്	അനുബന്ധം 3	
40	റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്	അനുബന്ധം 4	

ഭാഗം - 1
പൊതു അവലോകനം

ഭാഗം -1
പൊതു അവലോകനം
പൊതു അവലോകനം

. .
.

1-1 ബജറ്റ്

2012-13 വർഷത്തെ ബജറ്റ് 28.03.2012 തീയതിയിലെ 1- നമ്പർ തീരുമാനപ്രകാരവും, 2013-14 വർഷത്തെ ബജറ്റ് 26.03.2013 തീയതിയിലെ 1 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി

സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

1-2 വാർഷിക ധനകാര്യപത്രിക.

വർഷം	ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
2012-13	31.7.2013	29.7.2013		
2013-14	31.7.2014	4.06.2014		

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2012-13	31.01.2014	LFE(PG)1005/13 dtd 31.01.2014
2013-14	19.01.2015	LFE(PG)1811/14 dtd 19.01.2015

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

1-4 സാമ്പത്തിക വിശകലനം

2012 -13			2013-14	
മുന്നിരിപ്പ്	30,71,487		മുന്നിരിപ്പ്	68,22,405
വരവ്	2,39,69,651		വരവ്	2,07,57,825
ആകെ	2,70,41,138		ആകെ	2,75,80,230
ചെലവ്	2,02,18,733		ചെലവ്	2,34,51,117
നീക്കിയിരിപ്പ്	68,22,405		നീക്കിയിരിപ്പ്	41,28,913

1-5 ഫണ്ട് വിനിയോഗം

2012 -13

ഫണ്ടിനം	മുൻബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്	ചെലവ് ശതമാനം
വികസനഫണ്ട് പൊതുവിഭാഗം	0	3565000	3565000	2547178	1017822	71%
വികസനഫണ്ട് എസ്.സി.പി.	908282	1042000	1950282	372712	1577570	19%
വികസനഫണ്ട് ടി.എസ്.പി.	70000	60000	130000	130000	0	100%
സംരക്ഷണഗ്രാന്റ് റോഡ്	11052	1195000	1206052	892035	314017	74%
സംരക്ഷണഗ്രാന്റ് നോൺറോഡ്	62838	1431000	1493838	1438583	55255	96%
13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്	335908	2343198	2679106	1951383	727723	73%
പെർഫോമൻസ് ഗ്രാന്റ്	14044	1352000	1366044	759041	607003	56%
എം.എൻ.ആർ.ഇ.ജി.എസ്.	180289	3170480	3350769	3302329	48440	99%
ബി ഫണ്ട്	0	4310203	4310203	4310203	0	100%
സ്പെഷൽ ഗ്രാന്റ്	0	0	0	0	0	-

2013- 14

ഫണ്ടിനം	മുൻബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്	ചെലവ് ശതമാനം
വികസനഫണ്ട് പൊതുവിഭാഗം	1017822	3919000	4936822	4487937	448885	91%
വികസനഫണ്ട് എസ്.സി.പി.	1577570	1126000	2703570	1790997	912573	66%
വികസനഫണ്ട് ടി.എസ്.പി.	0	68000	68000	42500	25500	63%
സംരക്ഷണഗ്രാന്റ് റോഡ്	314017	1556000	1870017	1865894	4123	100%
സംരക്ഷണഗ്രാന്റ് നോൺറോഡ്	55255	1864000	1919255	1915956	3299	100%
13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്	727723	1766885	2494608	1959964	534644	79%
പെർഫോമൻസ് ഗ്രാന്റ്	607003	0	607003	599686	7317	99%
എം.എൻ.ആർ.ഇ.ജി.എസ്.	48440	510081	558521	555708	2813	99%
ബി ഫണ്ട്	0	4378277	4378277	4378277		100%
സ്പെഷൽ ഗ്രാന്റ്		0	0			-

1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷങ്ങളിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

2012 -13

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
83	15460911	60	8673107	3	20	73%

2013 -14

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
90	18257482	68	13217477	1	21	76%

1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2013-14 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 8% ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

ഇനം	മുൻവർഷം	തൻവർഷം	വ്യത്യാസം	ശതമാനം(+)/(-)
നികുതി വരവുകൾ	641828	628480	(-) 13348	(-) 2.07
നികുതിയേതര വരവുകൾ	214418	143388	(-) 71030	(-) 33
മറ്റുവരവുകൾ	13844	28761	14917	(+)108
ആകെ	870090	800629	(-) 69461	(-)8

1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് 2012 -13, 2013-14 വർഷങ്ങളിൽ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

2012-13

ക്ഷേമപദ്ധതിയുടെ പേര്	**ചെലവഴിച്ച തുക**	**ഗുണഭോക്താക്കളുടെ എണ്ണം**
തൊഴിൽരഹിത വേതനം	83760	60
കർഷകതൊഴിലാളി പെൻഷൻ	1500180	293

വിധവാപെൻഷൻ	1266071	164
വാർദ്ധക്യകാലപെൻഷൻ	369140	24
വികലാംഗപെൻഷൻ	905775	97
50വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ	68670	10
വിധവകളുടെ മകളുടെ വിവാഹ ധനസഹായം	30000	7

2013 -14

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	33480	46
കർഷകതൊഴിലാളി പെൻഷൻ	1409080	293
വിധവാപെൻഷൻ	1198420	188
വാർദ്ധക്യകാലപെൻഷൻ	605770	80
വികലാംഗപെൻഷൻ	956867	135
50വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ	97572	11
വിധവകളുടെ മകളുടെ വിവാഹ ധനസഹായം	70000	4

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.03.2015 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 3,743/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്.

1. ഇൻക്യൂംബൻസി രജിസ്റ്റർ. രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും നിർവ്വഹണോദ്യോഗസ്ഥരുടെ മേൽവിലാസം എഴുതുന്നില്ല. ആയതും കൂടി ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

2. ഡെപ്പോസിറ്റ് രജിസ്റ്റർ. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ഡെപ്പോസിറ്റുകൾ നീക്കിയിരിപ്പുണ്ട്. മൂന്നു വർഷത്തിൽ കൂടുതൽ കാലപ്പഴക്കമുള്ള ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	14.08.2014 - 16.08.2014	01.04.2014 - 30.06.2014	14.11.2014
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	17.01.2014 - 30.01.2014	1997 - 98 മുതൽ 2002 -03 വരെ	27.03.2014

1-12 സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിതരണം

സാമൂഹ്യ സുരക്ഷാ പെൻഷനുകൾ സംബന്ധിച്ച ഫയലുകൾ,രജിസ്ററുകൾ എന്നിവ ശരിയായി എഴുതി സൂക്ഷിച്ചിട്ടുണ്ട്. വയസ്സ്,വരുമാനം തുടങ്ങിയവ സംബന്ധിച്ച സർക്കാർ നിർദ്ദേശപ്രകാരമുള്ള രേഖകളുടെ അടിസ്ഥാനത്തിലാണ് അപേക്ഷകൾ സ്വീകരിച്ചിട്ടുള്ളത്. ലഭിച്ച അപേക്ഷകൾ 45 ദിവസത്തിനകം തീർപ്പാക്കണമെന്ന ചട്ടം പാലിച്ചിട്ടുണ്ട്. ഗ്രാമ സഭ അംഗീകരിച്ച ഗുണഭോക്താക്കൾക്കാണ് പെൻഷനുകൾ നൽകി വരുന്നത്. ഒന്നിലധികം പെൻഷൻ കൈപ്പറ്റിയിട്ടുള്ള അപേക്ഷകൾ ഒന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മടങ്ങി വന്നിട്ടുള്ള മണി ഓർഡർ പഞ്ചായത്ത് ഫണ്ടിൽ വരവു വയ്ക്കുന്ന മണി ഓർഡർ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്.

1-13 ഫ്രണ്ട് ഓഫീസ് സംവിധാനം

ഫ്രണ്ട് ഓഫീസ് സംവിധാനം നല്ല രീതിയിൽ പ്രവർത്തിക്കുന്നു. തപാലുകളുടെ സ്വീകരണവും വിതരണവും തൃപ്തികരമായി ചെയ്യുന്നുണ്ട്. ഓരോ ദിവസവും സ്വീകരിക്കുന്ന അപേക്ഷയുടെ വിവരങ്ങൾ അടങ്ങിയ വിതരണ രജിസ്റ്റർ സൂചികയിൽ നിന്ന് പ്രിന്റെടുത്ത് ഫയൽ ചെയ്ത് സുക്ഷിക്കുകയും, അപേക്ഷകൾ യഥാസമയം അതാത് സെക്ഷനുകളിൽ കൊടുക്കുന്നുമുണ്ട്. ഫ്രണ്ട് ഓഫീസ് ഡയറി, ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ എന്നിവ ശരിയായി പരിപാലിക്കുന്നുണ്ട്. ലഭിക്കുന്ന ഫയലുകൾ തൻപതിവേടിൽ ചേർത്ത് സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നുണ്ട്. പഞ്ചായത്തിൽ നിന്നും വിവിധ സേവനങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് എത്തുന്ന ജനങ്ങൾക്ക് മതിയായ ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തി കുറച്ചുകൂടി മെച്ചപ്പെട്ട സേവനം ഫ്രണ്ട് ഓഫീസിൽ നിന്നു ലഭ്യമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-14 അങ്കണവാടി പ്രവർത്തനം

ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികൾ വളരെ തൃപ്തികരമായ രീതിയിലാണ് പ്രവർത്തിക്കുന്നത്. അങ്കണവാടികളുടെ അടിസ്ഥാന വിവരങ്ങൾ ചുവടെ ചേർക്കുന്നു :-

സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ	5
വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ	4
വാടക രഹിത കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ	3
മോഡൽ അങ്കണവാടി	57

1-15 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

-

വർഷം	തൊഴിൽ കാർഡ് നൽകപ്പെട്ടവർ				തൊഴിൽ ആവശ്യ പ്പെട്ടവരു ടെ എണ്ണം	തൊഴിൽ നൽകപ്പട്ടവ രുടെ എണ്ണം
	പട്ടിക ജാതി	പട്ടിക വർ ഗ്ഗം	മറ്റുള്ളവർ	ആകെ		
2012-13	71	5	509	585	429	411
2013-14	90	5	538	633	374	269

വർഷം	സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ					100 ദിവസ്സം തൊഴിൽ ലഭിച്ചവർ
	പട്ടികജാതി	പട്ടിക വർഗ്ഗം	മറ്റുള്ളവർ	ആ കെ	വനിതകൾ	
2012-13	2486	152	15294	17932	17684	8
2013-14	2341	96	8405	10842	10646	1

1-16 കാർഷികമേഖലയിൽ നാമമാത്രമായ ചെലവ്

കൃഷിയുമായി ബന്ധപ്പെട്ട് നടപ്പാക്കിയ പ്രൊജക്ടുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു:-

വർഷം	പ്രൊജക്ട്	ചെലവഴിച്ച തുക
2012-2013	സമഗ്ര നെൽകൃഷി വികസനം	88750/-
	സമഗ്ര തെങ്ങ് കൃഷി വികസനം	98515/-
2013-2014	സമഗ്ര നെൽകൃഷി വികസനം	80600/-

നാമമാത്രമായ ചെലവാണ് കാർഷികമേഖലയിൽ നടത്തിയിട്ടുള്ളത്. ഒന്നോ രണ്ടോ ചെറിയ പ്രൊജക്ടുകൾ സ്ഥിരമായി നടപ്പാക്കുന്ന സമ്പ്രദായമാണ് അവലംബിയ്ക്കുന്നത്. കൃഷിയ്ക്ക് ധാരാളം സ്ഥലം ലഭ്യമായ പഞ്ചായത്തിൽ ഭാവനാപൂർണ്ണമായ പ്രൊജക്ടുകൾ നടപ്പിലാക്കി കാർഷിക വളർച്ച ത്വരിതപ്പെടുത്തേണ്ടതാണ്. ഒരേ പ്രൊജക്ടുകൾ തന്നെ സ്ഥിരമായി നടപ്പാക്കുന്നതിന് പകരം കാർഷിക മേഖലയിൽ സ്വയംപര്യാപ്തത നേടുന്നതിന് സഹായകരമായ പ്രൊജക്ടുകൾ ആവിഷ്കരിക്കുന്നതിനും നടപ്പാക്കുന്നതിനും ശ്രമിക്കേണ്ടതാണ്.

1-17 അസി.എൻജീനീയർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

(1) മരാമത്ത് പ്രവൃത്തികളിൽ സൈറ്റ്പരിശോധന നടത്താതെയാണ് അളവുപുസ്തകത്തിൽ അളവ് രേഖപ്പെടുത്തുന്നത്. എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന അളവുകൾ പരിശോധിച്ച് അതിനനുസരിച്ച് അളവുകൾ അളവുപുസ്തകത്തിൽ രേഖപ്പെടുത്തുന്നതായാണ് ബോദ്ധ്യപ്പെട്ടത്. അംഗീകാരം ലഭിച്ച എസ്റ്റിമേറ്റിലേക്ക് ലിമിറ്റ് ചെയ്ത് തുക നല്കുന്നതായാണ് കണ്ടുവരുന്നത്. ഉദാഹരണത്തിന്, 48-ാം നമ്പർ അങ്കണവാടി എന്ന പ്രവൃത്തിയിൽ,വശങ്ങളിൽ നിർമ്മിചിരിക്കുന്ന ചുറ്റുമതിലിന്റെ നീളം 2വശങ്ങളിലും 12.5ആയി കണക്കാക്കിയാണ് അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. മുൻവശത്തും പുറകുവശത്തുമുള്ള ചുറ്റുമതിലിന്റെ നീളം 15 ആയി രേഖപ്പെടുത്തുകയും ആകെ അളവ് എസ്റ്റിമേറ്റിലേക്ക് ലിമിറ്റ് ചെയ്ത് പ്ലാസ്റ്ററിങ്ങിന്റെ തുക നല്കുകയും ചെയ്തിരിക്കുന്നു. എന്നാൽ ഭൗതിക പരിശോധനയിൽ ഒരുവശത്തെ മതിലിന്റെ നീളം 12.5 ആണെന്നും മറുവശത്തെ മതിലിന്റെ നീളം 13.62 ആണെന്നും ബോദ്ധ്യപ്പെട്ടു. മുൻവശത്തെ ഗേറ്റിന്റെ അളവ് കുറവു വരുത്താതെയാണ് മതിലിന്റെ പ്ലാസ്റ്ററിംഗിന് തുക നല്കിയിരിക്കുന്നത് എന്ന് ബോദ്ധ്യപ്പെട്ടു. മാത്രമല്ല ഇടിഞ്ഞുപോയ മതിലിന്റെ ഭാഗം പുനർനിർമ്മിച്ചത് അളവുപുസ്തകത്തിൽ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. ഇതിൽനിന്നെല്ലാം യഥാർത്ഥത്തിൽ അളവ് എടുക്കാതെയാണ് അളവുപുസ്തകത്തിൽ രേഖപ്പെടുത്തുന്നതെന്ന് വ്യക്തമാകുന്നു. ഇത് ശരിയായനടപടിയല്ല. അസിസ്റ്റന്റ് എൻജീനീയർ സൈറ്റ് പരിശോധനനടത്തി, അളവുകൾ ബോദ്ധ്യപ്പെട്ട് അളവുപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതും അതിനനുസരിച്ച് തുക നൽകേണ്ടതുമാണ് .

(2) <u>അസിസ്റ്റന്റ് എൻജീനീയറുടെ ഓഫീസ് കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.</u>

പഞ്ചായത്തിൽ ഓഫീസിന്റെ പേര് രേഖപ്പെടുത്തിയിട്ടില്ലാത്ത കെട്ടിടത്തിലാണ് അസിസ്റ്റന്റ് എൻജീനീയറുടെടെ ഓഫീസ് പ്രവർത്തിക്കുന്നത്. അസിസ്റ്റന്റ് എൻജീനീയർ പതിവായി ഓഫീസിൽ ഹാജരാകുന്നില്ല. ഓഡിറ്റ് നടന്ന ദിവസങ്ങളിൽ ഒരു ദിവസം പോലും അസിസ്റ്റന്റ് എൻജീനീയർ ഓഫീസിൽ ജോലിചെയ്തതായി കണ്ടില്ല, എക്സിറ്റ് മീറ്റിങ്ങിലും പങ്കെടുത്തില്ല. ഓഫീസർ പഞ്ചായത്തിൽ ഹാജരാകുന്നതിന് വിമുഖത കാണിക്കുന്നതായി എക്സിറ്റ് മീറ്റിങ്ങിൽ മെമ്പർമാർ ബോധിപ്പിച്ചു. ഭരണവകുപ്പിന്റെ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

(3) <u>കരാർ വെച്ച പ്രവൃത്തി ആരംഭിച്ചിട്ടില്ല</u>

തായ്യറ്റം എസ്.സി കോളനി റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവർത്തി 2011-2012 ൽ ആവിഷ്ക്കരിച്ച്, അഖിൽ പി. രാംദാസ് എന്ന കരാറുകാരൻ പ്രവൃത്തി നടപ്പിലാക്കുന്നതിനായി 23-12-2011-ൽ കരാർ ചമച്ചിട്ടുള്ളതാണ്. അതേ ദിവസം സൈറ്റ് കൈമാറ്റം ചെയ്ത് നല്കിയിരുന്നുവെങ്കിലും നാളിത് വരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. കരാറുകാരന്റെ നഷ്ടോത്തരവാദത്തിൽ റീ-ടെണ്ടർ ചെയ്ത് പ്രവൃത്തി നടപ്പിലാക്കേണ്ടതാണ്.

<u>ഭാഗം - 2</u>

<u>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 വസ്തു നികുതി- നിർണ്ണയ രജിസ്റ്റർ ക്രമപ്രകാരം പരിപാലിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ വസ്തു നികുതിയുടെ അസ്സസ്സ്മെന്റ് രജിസ്റ്ററുകൾ വാർഡുതിരിച്ച് രേഖപ്പെടുത്തി സൂക്ഷിച്ചതായി കാണുന്നില്ല. ഗ്രാമപഞ്ചായത്തിൽ 13 വാർഡുകളാണുള്ളത്. എല്ലാ വാർഡുകളുടെയും അസ്സസ്സ്മെന്റ് വിവരങ്ങൾ ഒരുമിച്ചാണ് എഴുതി സൂക്ഷിച്ചിട്ടുള്ളത്.

2-2 തൊഴിൽനികുതി - അപാകതകൾ

1. അപൂർണ്ണമായ തൊഴിൽ നികുതി നിർണ്ണയ പത്രിക

1996-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 204 (3) പ്രകാരം, വീട്ടു വാടക ബത്ത ഒഴികെയുള്ള മുഴുവൻ വരുമാനവും ഉൾപ്പെടുത്തി തൊഴിൽനികുതി നിർണ്ണയിക്കേണ്ടതും പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുത്തിയുള്ള പത്രിക സഹിതം നികുതി അടക്കേണ്ടതുമാണ്. 2012-13-ൽ പോത്താനിക്കാട് പോലീസ് സ്റ്റേഷനിലെ ഏഴ് ജീവനക്കാരുടെ തൊഴിൽ നികുതി 1,000/- രൂപ പ്രകാരമാണ് ഈടാക്കിയിരിക്കുന്നത്. അപൂർണ്ണമായ തൊഴിൽ നികുതി നിർണ്ണയ പത്രികയാണ് പഞ്ചായത്തിൽ സമർപ്പിച്ചിട്ടുള്ളത്. ജീവനക്കാരുടെ വരുമാനം ഇനം തിരിച്ചു രേഖപ്പെടുത്തി നികുതി തിട്ടപ്പെടുത്തിയിട്ടില്ല. ഇക്കാരണത്താൽ നികുതി അടവിന്റെ ക്യത്യത പരിശോധിക്കാൻ സാധിച്ചില്ല .

2. തൊഴിൽനികുതി ഈടാക്കിയതിലെ കുറവ് - 1250/- രൂപ നഷ്ടം

2013-14 ആദ്യ പകുതിയിൽ പോത്താനിക്കാട് പോലീസ് സ്റ്റേഷനിലെ 5 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിതിൽ 1,250/- കുറവ് വന്നിട്ടുണ്ട് (രസീത് നം. 11303100978 തീയതി 30.08.2013) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നം	പേര്	തസ്തിക	വരുമാനം	അടച്ചത്	അടയ്ക്കേണ്ടത്	കുറവ്
1	ഷിനു	കോൺസ്റ്റബിൾ	1,40,514	1000	1250	250
2	നിസ്സാർമോൻ	കോൺസ്റ്റബിൾ	1,38,588	1000	1250	250
3	നജീബ്	കോൺസ്റ്റബിൾ	1,41,894	1000	1250	250
4	നസീമ പി. എം	വനിതാ കോൺസ്റ്റബിൾ	1,40,514	1000	1250	250
5	നസീമ കെ.എം	വനിതാ കോൺസ്റ്റബിൾ	1,30,596	1000	1250	250
ആകെ						1,250

കുറവ് വന്ന 1,250/- രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ് .

3. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

2012-13-ലും 2013-14-ലും താഴെ പറയുന്ന സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിരുന്നെങ്കിലും സ്ഥാപന തൊഴിൽ നികുതി അടച്ചില്ല .

1 ഹോളിഏഞ്ചൽസ് പബ്ളിക് സ്കൂൾ, പോത്താനിക്കാട്

2 സെന്റ് സേവ്യേഴ്സ് പബ്ളിക് സ്കൂൾ, പോത്താനിക്കാട്

3 സെന്റ് മേരീസ് ഹോസ്പിറ്റൽ, പോത്താനിക്കാട്

4 സെന്റ് തോമസ് ഹോസ്പിറ്റൽ, പോത്താനിക്കാട്

5 ബി.എസ്.എൻ.എൽ. പോത്താനിക്കാട്

6 ജിയോജിത്ത് പി.എൻ.ബി. പാരിബ

ടി സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-3 ഡി & ഓ ലൈസൻസ് ഫീസ് ഈടാക്കിയതിലുള്ള കുറവ് - നഷ്ടം ₹.800/-

ക്രമ നം	അപേക്ഷകന്റെ പേര്	സ്ഥാപനം & ഇനം	ദിവസേനയുള്ള വിറ്റു വരവ്	ലൈസൻസ് ഫീസ് ഈടാക്കേണ്ടത്	ലൈസൻസ് ഫീസ് ഈടാക്കിയത്	കുറവ്	രസീത് നം & തീയതി
1	മാനേജിംഗ് ഡയറക്ടർ	പോത്താനിക്കാട് ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ബാങ്ക് (വളം,കീടനാശിനി)	10000/-	200/-	100/-	100/-	11203101134 /22/03/2013
2	മാനേജിംഗ് ഡയറക്ടർ	പോത്താനിക്കാട് ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ബാങ്ക്. (പലചരക്ക്)	10000/-	200/-	100/-	100/-	11203101135 /22/03/2013
3	ആർ. രാജേന്ദ്രൻ മാനേജർ	ശേഖർ മാച്ച് ഇൻഡസ്ട്രീസ്, പറമ്പഞ്ചേരി	30000/-	1000/-	500/-	500/-	11203105591 /26/02/2013
4	സി.യു കുര്യാക്കോസ്	റബർ & മലഞ്ചരക്ക്	10000/-	200/-	100/-	100/-	11303101827 /05/12/13
			ആകെ	1600	800	800	

നഷ്ടം വന്ന 800/-രൂപ സ്ഥാപന ഉടമകളിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിമാരിൽനിന്നോ ഈടാക്കേണ്ടതാണ്.

ഭാഗം - 3

ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 ലഭ്യമായ മണ്ണ് വിനിയോഗിച്ചതായി സാക്ഷ്യപ്പെടുത്തി -എന്നാൽ തുക ഈടാക്കിയില്ല -നഷ്ടം ₹.2,397/-

പ്രോജക്ട് നം. - എസ്.ഒ. 86/13

പേര് - കോന്നൻ പാറ ഹരിജൻ കോളനി റോഡ് റോഡ് ടാറിംഗ് &പാർശ്വഭിത്തി നിർമ്മാണം

അടങ്കൽ - ₹. 2,00,000/-

അനുമതി - 104/KLM/TAG/RBB/11-12 dt.19.08.2011

കരാറുകാരൻ - അഖിൽ പി.രാംദാസ്.

(14.99% ടെണ്ടർ കൂടുതൽ)

അളവുപുസ്തകം - 6/2011-12

ചെലവ് - ₹.1,75,198/- [ബിൽ നം. 1/13-14 dt.13.6.2013 (നികുതികൾ ഉൾപ്പെടെ)]

കോന്നൻ പാറ ഹരിജൻ കോളനി റോഡ് ടാറിംഗ് &പാർശ്വഭിത്തി നിർമ്മാണം എന്ന പ്രവൃത്തിയുടെ ഇനം 1ആയി ചെയ്തിരിക്കുന്നത്, പാർശ്വഭിത്തി നിർമ്മാണത്തിനായി കട്ടിയുള്ള മണ്ണ് കിളച്ചുമാറ്റലാണ്. ലഭ്യമായ

7.34 എം^{3} മണ്ണ് , മെറ്റലിംഗിനുള്ള ബ്ലൈൻഡിംഗ് മെറ്റീരിയൽ ആയി ഉപയോഗിച്ചിട്ടുണ്ടെന്ന് അസി.എൻജീനീയർ അളവുപുസ്തകം പേജ് 2-ൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി മണ്ണിന്റെ വില കിഴിവു നടത്താതെയാണ് കരാറുകാരന് തുക നല്കിയിരിക്കുന്നത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

312 ഒന്നാം ലെയർ മെറ്റലിംഗിന് വിനിയോഗിച്ച മണ്ണ് = 6.24 എം^{3}

312 രണ്ടാംലെയർ മെറ്റലിംഗിന് വിനിയോഗിച്ച മണ്ണ് = 4.68 എം^{3}

ആകെ = 10.92 എം^{3}

അനുവദിക്കേണ്ട അളവ് = 10.92 - 7.34 = 3.58 എം^{3}

അനുവദിക്കേണ്ട തുക = 3.58 x 284 + 14.99% = ₹.1,169/-

അനുവദിച്ച തുക = 10.92 x 284 + 14.99% = ₹. 3,566/-

അധികം അനുവദിച്ചത് = 3566 - 1169 = ₹. 2,397/-

അധികം നല്കിയ ₹.2,397/- തുക അനുവദിച്ച അസി. എൻജീനീയർ ശ്രീമതി. ഷൈലജ പരീതിൽ നിന്ന് ഈടാക്കേണ്ടതാണ്.

3-3 ബയോഗ്യാസ് പ്ലാന്റ് - കരാർ ഒപ്പിടാതെ പ്രവർത്തനച്ചെലവ് നൽകി - 72,250/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു .

പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള ബയോഗ്യാസ് പ്ലാന്റിന്റെ പ്രവർത്തന ചുമതല ഏൽപ്പിച്ചിട്ടുള്ളത് തിരുവനന്തപുരത്തെ ബയോടെക് റിന്യൂവബിൾ എനർജി റിസോഴ്സസിനെയാണ്. ബയോടെക്കുമായി 03.10.2012-ന് ഒപ്പിട്ട കരാറിന്റെ കാലാവധി 08.9.2013 ന് അവസാനിച്ചു. കരാർ പുതുക്കണമെന്നാവശ്യപ്പെട്ട് 12.11.2013, 12.02.2014 (നം BT/WTP/14)എന്നീ തീയതികളിൽ ബയോടെക് കത്ത് നൽകിയെങ്കിലും പഞ്ചായത്ത് കരാർ ഒപ്പിട്ടില്ല. കരാർ ഒപ്പിടാതെ തന്നെ സെപ്റ്റംബർ 2013 മുതൽ 6 മാസത്തെ പ്ലാന്റ് പ്രവർത്തന ചെലവായ 72,250/- രുപ 29.03.2014 ലെ എസ്.ബി.ടി. കോതമംഗലത്തിന്റെ 301769 നം. ചെക്ക് പ്രകാരം നൽകി. കരാർ ഒപ്പിടാതെ പ്രവർത്തനച്ചെലവ് നൽകിയത് ഗുരുതരമായ അപാകതയാണ്. പ്ലാന്റിന്റെ പ്രവർത്തനം മോണിറ്റർ ചെയ്യാത്തതിനാൽ പ്രസ്തുത കാലയളവിൽ പ്ലാന്റ് ശരിയായ രീതിയിൽ പ്രവർത്തിച്ചോ എന്ന് ഉറപ്പ് വരുത്താൻ സാധിച്ചില്ല. ഇക്കാരണങ്ങളാൽ 72,250/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-4 പൊതു കുടിവെള്ള കണക്ഷന് തുക ചെലവ് ചെയ്തതിലെ അപാകതകൾ - 21474/-രൂപ തടസ്സപ്പെടുത്തുന്നു

ഗ്രാമപഞ്ചായത്തിലെ 10-ാം വാർഡിൽ നിലവിലുള്ള കേരളാ വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പൈപ്പ് ലൈനിൽ നിന്നും ലൈൻ എക്സ്റ്റെൻഷൻ നീട്ടുന്നതിനായി 21,474/- രൂപ ബിൽ നം 10/13-14 പ്രകാരം ചെലവ് ചെയ്തിട്ടുണ്ട്.

പദ്ധതി നം. - 52/14

കോൺട്രാക്ടർ - പാച്ചു എം. സ്കറിയ

ഡി.ഡി. നം. - 2,46,325/- തീയതി 25.11.2013

12-ാം പദ്ധതി മാർഗ്ഗരേഖ (ജി.ഒ.(എം.എസ്)225/2012 ത.സ്വഭവ 18/08/2012പ്രകാരം പൊതുടാപ്പുകളുടെ കുടിവെള്ള പദ്ധതികളെക്കാൾ സബ്സിഡി നിബന്ധനൾക്ക് വിധേയമായി കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നല്കുന്ന പദ്ധതികൾക്ക് മുൻഗണന നല്കേണ്ടതാണ്. അപ്രകാരം ചെയ്ത ശേഷം ആ പ്രദേശത്തെ പൊതു ടാപ്പുകൾ നിർത്തലാക്കേണ്ടതാണ് . ഭാവിയിൽ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. 12-ാം പദ്ധതി മാർഗ്ഗരേഖയുടെ ഖണ്ഡിക 8.4 പ്രകാരം കേരള വാട്ടർ അതോറിട്ടിയുടെ പൈപ്പ് ലൈൻ ദീർഘിപ്പിച്ച് / വിപുലപ്പെടുത്തി ജലവിതരണം നടത്താൻ ഉദ്ദേശിച്ച് തയ്യാറാക്കുന്ന പ്രൊജക്ടുകളോടൊപ്പം വാട്ടർ അതോറിട്ടിയിൽ നിന്നുള്ള അനുമതി പത്രം സമർപ്പിക്കേണ്ടതാണ്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ ടി പദ്ധതിയുടെ ഫയലിൽ അനുമതിപത്രം ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ചെലവ് 21,474/- രൂപ തടസ്സപ്പെടുത്തുന്നു.

3-5 എം.ജി.എൻ.ആർ.ഇ.ജി.എസ്. - വേതന വിതരണത്തിൽ കാലതാമസം

തൊഴിലുറപ്പ് പദ്ധതി നിയമം അനുസരിച്ച് തൊഴിൽ ചെയ്തതിന്റെ വേതനം തൊഴിൽ ചെയ്ത തീയതി മുതൽ പതിന്നാല് ദിവസത്തിനകം നൽകേണ്ടതാണ്. എന്നാൽ പോത്താനിക്കാട് പഞ്ചായത്തിൽ 2012-2013, 2013-2014 വർഷങ്ങളിൽ ചില പ്രവൃത്തികളുടെ വേതനം സമയപരിധി കഴിഞ്ഞാണ് നൽകിയത്. തൊഴിലുറപ്പ് പദ്ധതിയുടെ വേതനവിതരണത്തിലെ കാലതാമസം ഒഴിവാക്കാൻ ശ്രദ്ധിയേക്കണ്ടതാണ്

2013-2014			2012-2013		
ട്രാൻസാക്ഷനുകളുടെ എണ്ണം	തുക (ലക്ഷത്തിൽ)	താമസിച്ച ദിവസങ്ങളുടെ എണ്ണം	ട്രാൻസാക്ഷനുകളുടെ എണ്ണം	തുക (ലക്ഷത്തിൽ)	താമസിച്ച ദിവസങ്ങളുടെ എണ്ണം
451	3.01	15-30	354	2.2	15-30
1379	8.85	30-60	105	1.72	30-60
683	4.47	60-90	57	0.39	60-90
60	0.35	90 (ദിവസത്തിന് മുകളിൽ)	0	0	0

തൊഴിലുറപ്പ് പദ്ധതിയുടെ വേതനവിതരണത്തിലെ കാലതാമസം ഒഴിവാക്കാൻ ശ്രദ്ധിയേ്ക്കണ്ടതാണ്

3-6 തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി വൈദ്യുതി ചാർജ്ജ് അടക്കൽ എന്നിവയിലെ അപാകതകൾ .

ഗ്രാമപഞ്ചായത്തും കെ.എസ്.ഇ.ബി.-യുമായി സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ എണ്ണം നിജപ്പെടുത്തിയിട്ടില്ല. കൂടാതെ പഴയ തെരുവ് വിളക്കുകൾ മാറ്റി പുതിയ സി.എഫ്.എൽ. ബൾബുകൾ സ്ഥാപിച്ചപ്പോൾ ആനുപാതികമായി കറന്റ് ചാർജ്ജിൽ കുറവ് വന്നിട്ടില്ല. പഞ്ചായത്ത് ഡയറക്ടറുടെ കീഴെഴുത്ത് നം സി3/10011/11 തീയതി 18/05/11 പ്രകാരം വഴിവിളക്കുകളുടെ വിശദവിവരം രേഖപ്പെടുത്തിയ (വാർഡ് നം., ലൊക്കേഷൻ, പോസ്റ്റ് നം., വഴിവിളക്കിന്റെ ഇനം, തരം, സ്ഥാപിച്ച തീയതി എന്നിവ) മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-7 പത്രപ്പരസ്യം - ആനുകൂല്യം പ്രയോജനപ്പെടുത്തുന്നില്ല .

ജി.ഒ.(ആർ.ടി)1 / 2011. പി & എ.ആർ.ഡി. തീയതി 04/01/2011 പ്രകാരം സർക്കാർ സ്ഥാപനങ്ങളുടെ പരസ്യങ്ങൾ പി & എ.ആർ.ഡി. വകുപ്പ് മുഖേന നല്കിയാലും നേരിട്ടു നല്കിയാലും 15% ഡിസ്കൗണ്ട് നല്കണമെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് ഈ ആനുകൂല്യം പ്രയോജനപ്പെടുത്തുന്നില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം	**വൗച്ചർ നം**	**പത്രം (പരസ്യത്തിന്റെ വിശദാംശങ്ങൾ)**	**ചെക്ക് നം. തീയതി**	**നല്കിയ തുക**	**ലഭിക്കുമായിരുന്ന 15% കിഴിവ്**
1	33-10/12	മംഗളം (കരട് ബൈലോ ആക്ഷേപം സംബന്ധിച്ച്)		3000	450/-
2	29-11/12	മാതൃഭൂമി (ടെക്നിയ്ക്കൽ അസിസ്റ്റന്റ് നിയമനം)	A00310702/11/12	7000/--	1,050/-
3	21200295/04-103-13	മംഗളം (ടെക്നിയ്കൽ അസിസ്റ്റന്റ് നിയമനം)	92000101/02/13	3600	540/-
4	2300426യ04-10-13	ടൈംസ് ഓഫ് ഇന്ത്യ (തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി)		5600/-	840/-
5	21300603/06-01-14	ഡക്കാൻ ക്രോണിക്കിൾ (എംജി.എൻ.ആർ.ഇ.എസ്.-ന് വേണ്ടി റബ്ബിൾ നൽകുന്നതിനുള്ള ടെണ്ടർ നോട്ടീസ്)	5321407/01/14	2000/-	300/-
6	21300604/06-01-14	ദേശാഭിമാനി (എംജി.എൻ.ആർ.ഇ.എസ്.-ന് വേണ്ടി റബ്ബിൾ നൽകുന്നതിനുള്ള ടെണ്ടർ നോട്ടീസ്)	53231507/01/14	1920/-	288/-
ആകെ					**3,468/-**

സർക്കാർ അനുവദിച്ചു നല്കുന്ന കിഴിവുകളും ആനുകൂല്യങ്ങളും പ്രയോജനപ്പെടുത്തുവാൻ മേലിൽ ശ്രദ്ധിക്കേണ്ടതാണ്.

ഭാഗം - 4

ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-2 മുൻകൂറുകൾ തട്ടിക്കിഴിക്കാൻ അവശേഷിക്കുന്നത്

2010-2011 സാമ്പത്തിക വർഷത്തിൽ ശ്രീമതി.ജെസ്സി മാത്യു, എൽ.ഡി.സി.-യ്ക്ക് അനുവദിച്ച ഓണം അഡ്വാൻസ് തുകയിൽ (വൗച്ചർ നം 42-8/10- തുക7500/-) 1,500/- രൂപ നാളിത് വരെ തിരിച്ചടച്ചിട്ടില്ല. ജീവനക്കാരി 10-01-2011 ൽ കീരമ്പാറ പഞ്ചായത്തിലോയ്ക്ക് സ്ഥലം മാറി പോയതാണ്. ജീവനക്കാരിയുടെ ശമ്പളത്തിൽ നിന്നും കീരമ്പാറ പഞ്ചായത്ത് സെക്രട്ടറി തുക ഈടാക്കി പോത്താനിക്കാട് പഞ്ചായത്തിലേയ്ക്ക് അടച്ചിട്ടില്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2012–13 2013- 14 2013-14	60000 54046 78000	സ്കോളർഷിപ്പ് അങ്കണവാടി പൂരകപോഷകാഹാരം സ്കോളർഷിപ്പ്	60000 0 78000	0 54046 0
ജില്ലാ പഞ്ചായത്ത്	2012–13 2013- 14 2013-14	40000 400000 52000	സ്കോളർഷിപ്പ് മോഡൽ അങ്കണവാടി സ്കോളർഷിപ്പ്	40000 0 52000	0 400000 0

4-2 ഡെപ്പോസിറ്റ്

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്കും. / ഡി.ഡി.നം	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കെ.എസ് . ഇ.ബി.	കോന്നൻ പാറ അങ്കണവാടി പോസ്റ്റ് മാറ്റൽ	21300384	10,840	10,840	-

കെ.എസ്. ഇ.ബി.	മോഡൽ അങ്കണവാടി (വാർഡ് 10)പോസ്റ്റ് മാറ്റൽ	21300514	46,500	46,500	-

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

4-4 വായ്പ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ക്രമ നം.	ഓഡിറ്റ് റിപ്പോർട്ട് വർഷം	വിഷയം	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം
1	1998-99 2001-02	പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണത്തിൽ ഗുരുതരമായ അപാകതകൾ - നഷ്ടം ₹.1,34,516/-	2004-05

4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) <u>സംക്ഷിപ്ത വിവരം</u>

<u>2012 – 13</u>

ഓഡിറ്റ് വർഷത്തെ ആകെ വരവ്	2,39,69,651
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	2,02,18,733
വരവിനങ്ങളിലുള്ള നഷ്ടം	700
ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല.
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	ഇല്ല.

<u>2013 -14</u>

ഓഡിറ്റ് വർഷത്തെ ആകെ വരവ്	2,07,57,825
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	2,34,51,117

വരവിനങ്ങളിലുള്ള നഷ്ടം	1,350
ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	2,397
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	93,724

2012-13

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
2.3	700	ഇല്ല.	ശ്രീ. വി.എസ് .രാജേഷ് , സെക്രട്ടറി

2013 - 14

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
2.2	1250	ഇല്ല.	ശ്രീ. വി.എസ് .രാജേഷ് ,സെക്രട്ടറി
2.3	100	ഇല്ല.	ശ്രീ. പി. അശോകൻ, സെക്രട്ടറി
3.1	ഇല്ല.	2397	ശ്രീമതി. ഷൈലജ പരീത്, അസിസ്റ്റന്റ് എഞ്ചിനീയർ(ചാർജ്ജ്)

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

2012- 13

ഇല്ല

2013 -14

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3.3	72,250	ശ്രീ. പി.അശോകൻ, സെക്രട്ടറി
3.4	21,474	ശ്രീ. പി.അശോകൻ, സെക്രട്ടറി
ആകെ	93,724	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ. പി.അശോകൻ, സെക്രട്ടറി	സെക്രട്ടറി , പോത്താനിക്കാട് ഗ്രാമ പഞ്ചായത്ത്	അക്ഷര , പെരുമ്പാവൂർ
ശ്രീമതി. ഷൈലജ പരീത്, അസിസ്റ്റന്റ് എഞ്ചിനീയർ(ചാർജ്ജ്)		ചിറ്റേത്തുകുടി, നാഗഞ്ചരി(പി.ഒ.), കോട്ടപ്പടി - 686692
ശ്രീ. വി.എസ് .രാജേഷ് , സെക്രട്ടറി		വലിയ പറമ്പിൽ , ചേന്ദമംഗലം (പി.ഒ.)

4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	റിമാർക്ക്
1996-1997	എൽ.എഫ്.ഇ.(പി.1)89/4.1.1999 ചെലവ്	
1997-98	എൽ.എഫ്.ഇ.(പി.1)1148/98/4.1.1999 ചെലവ്	
1998-99 മുതൽ 2001-2002 വരെ	എൽ.എഫ്.ഇ.(പി.1) 72/04 /13.09.2004(പദ്ധതി ചെലവ്)	
2001-02	എൽ.എഫ്.ഇ.പി.1-1610/09/23.07.2010(പദ്ധതി ചെലവ്)	
2002-03	എൽ.എഫ്.ഇ.പി.7-1611/09 /23.07.2010	
2003-04	എൽ.എഫ്.ഇ.പി.7-1612/09 /23.07.2010	
2004-05	എൽ.എഫ്.ഇ.പി.7-1613/09 /23.07.2010	
2005-06	എൽ.എഫ്.ഇ.പി.7-1614/09 /23.07.2010	
2006-07	എൽ.എഫ്.ഇ.പി.7-916/11 /26.12.2011	
2007-08	എൽ.എഫ്.ഇ.പി.7-916(എ)/11 /26.12.2011	
2008-09 മുതൽ 2010 - 2011 വരെ	എൽ.എഫ്.ഇ.പി.7- 165 /2013/26.12.2013	
2011-12	എൽ.എഫ്.ഇ.പി.7/1589/2014 /5.11.2012/12.12.2014	

ഡെപ്യൂട്ടി ഡയറക്ടർ
ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്, എറണാകുളം ജില്ല

അനുബന്ധം - 1

ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2012-13

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4 ,കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215,എന്നിവ അനുസരിച്ച് , പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാന്റേർഡുകൾ അവലംബിച്ച് പോത്താനിക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2012-13 വർഷത്തിലെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡികകളിൽ വിശദീകരിച്ചിട്ടുള്ളതുപോലെ 700 /- രൂപയുടെ വരവു നഷ്ടം ഒഴികെ, എന്റെ അഭിപ്രായത്തിൽ വാർഷിക ധനകാര്യ പത്രിക പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2012-13 വർഷത്തിലെ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215, 2003 ജൂൺ 12 ലെ 319/03/ ഫിൻ. നമ്പർ ഉത്തരവും അനുസരിച്ചാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്, എറണാകുളം ജില്ല

അനുബന്ധം - 1

ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2013-14

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4 ,കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215,എന്നിവ അനുസരിച്ച് , പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാന്റേർഡുകൾ അവലംബിച്ച് പോത്താനിക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2013- 14 വർഷത്തിലെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡികകളിൽ വിശദീകരിച്ചിട്ടുള്ളതുപോലെ 1,350 /- രൂപയുടെ വരവു നഷ്ടവും 2,397/- രൂപയുടെ ചെലവു നഷ്ടവും, 93,724/- രൂപയുടെ തടസ്സവാദവും ഒഴികെ, എന്റെ അഭിപ്രായത്തിൽ വാർഷിക ധനകാര്യ പത്രിക പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2013- 14 വർഷത്തിലെ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215, 2003 ജൂൺ 12 ലെ 319/03/ഫിൻ. നമ്പർ ഉത്തരവും അനുസരിച്ചാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്, എറണാകുളം ജില്ല